*പൊതു വിദ്യാഭ്യാസ ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE-HSS/2021** **16/11/2021**

# സർക്കുലർ

**വിഷയം:** **പ്ലസ്‌വൺ പ്രവേശനം : മാനേജ്മെൻറ്/അൺഎയിഡഡ് ക്വാട്ടകളിൽ പ്രവേശനത്തിനുള്ള സമയപരിധി ദീർഘിപ്പിച്ചത് സംബന്ധിച്ച്- പ്രിൻസിപ്പൾമാർക്കുള്ള നിർദ്ദേശങ്ങൾ**

**സൂചന :** 1) സ.ഉ(സാധാ)നം.3667/2021/പൊ.വി.വ തീയതി12/8/2021അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയ പ്രോസ്‌പക്ടസ്

2)ഇതേ നമ്പറിൽ 2021 ഒക്ടോബർ 5, ഒക്ടോബർ 12, നവംബർ തീയതികളിലെ സർക്കുലറുകൾ

2021-22 അധ്യയന വർഷത്തെ ഹയർസെക്കണ്ടറി ഒന്നാം വർഷ മാനേജ്മെൻറ് /അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശനം 2021 ഒക്ടോബർ 7 ന് ആരംഭിച്ച് നവംബർ 15 ന് വൈകിട്ട് 5 മണിക്ക് അവസാനിക്കുന്ന തരത്തിലാണ് ഷെഡ്യൂൾ ചെയ്തിരിന്നത്. പ്രസ്തുത ഷെഡ്യൂൾ പ്രകാരം ടി ക്വാട്ടകളിലെ പ്രവേശനം നവംബർ 15 ന് വൈകിട്ട് 5 മണിക്ക് അവസാനിപ്പിക്കുകയുണ്ടായി. മാനേജ്മെൻറ് /അൺ-എയ്ഡഡ് ക്വാട്ടകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനത്തിന് **2021 നവംബർ 19 ന് വൈകിട്ട് 4 മണിവരെ സമയം അനുവദിച്ച് നൽകുന്നു. ഇത്തരത്തിൽ** നടത്തുന്ന അഡ്മിഷൻ വിവരങ്ങൾ അതത് ദിവസം രേഖപ്പെടുത്തേണ്ടതാണ്. **2021 നവംബർ 19 ന് വൈകിട്ട് 5 മണി വരെ മാത്രമേ മാനേജ്മെൻറ്/അൺ-എയ്ഡഡ് ക്വാട്ടകളിലെ പ്രവേശന വിവരങ്ങൾ ഡാറ്റ എൻട്രിയും വെരിഫിക്കേഷനും നടത്തുന്നതിനുള്ള ലിങ്കുകൾ ലഭ്യമാകുകയുള്ളു. സ്കൂൾ തലത്തിൽ നടത്തപ്പെടുന്ന മാനേജ്മെൻറ് ക്വാട്ട /അൺ-എയ്ഡഡ് ക്വാട്ട പ്രവേശനങ്ങളുടെ ഡാറ്റാ എൻട്രിയ്ക്ക് പുറമേ വെരിഫിക്കേഷനും പൂർത്തീകരിച്ചാൽ മാത്രമേ ഒന്നാം വർഷ പരീക്ഷാ നോമിനൽ റോളിൽ പ്രസ്തുത ക്വാട്ടകളിലെ വിദ്യാർത്ഥി വിവരങ്ങൾ ഉൾപ്പെടുകയുള്ളു എന്നതിനാൽ ഏകജാലകേതര പ്രവേശന വിവരങ്ങളുടെ എൻട്രിയും വെരിഫിക്കേഷനും നടത്തിയിട്ടുണ്ടെന്ന് എല്ലാ പ്രിൻസിപ്പൽമാരും ഉറപ്പാക്കേണ്ടതാണ്.**

ഒഴിവുള്ള മാനേജ്മെൻറ് ക്വാട്ട സീറ്റുകളിൽ പ്രവേശനത്തിന് അപേക്ഷകരില്ലെങ്കിൽ അത്തരം മാനേജ്മെൻറ് സീറ്റുകൾ പൊതുമെരിറ്റ് സീറ്റായി പരിവർത്തനം ചെയ്യുന്നതിനായി സ്കൂൾ മാനേജർമാർ പ്രസ്തുത വിവരം പ്രിൻസിപ്പൽമാർ മുഖേന രേഖാമൂലം 2021 നവംബർ 19 ന് വൈകിട്ട് 5 മണിയ്ക്ക് മുൻപായി ഐ.സി.റ്റി. സെല്ലിൻെറ ictcelldhse@gmail.com എന്ന ഇ–മെയിൽ വിലാസത്തിലേയ്ക്ക് അറിയിക്കേണ്ടതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ